**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 710** **28-01-2026 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നടപ്പ സർക്കാരിന്റെ കാലയളവിൽ അരുവിക്കര മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ, അവയുടെ അടങ്കൽ തുക, ഇപ്പോഴത്തെ സ്ഥിതി എന്നിവ തരം തിരിച്ച് ലഭ്യമാക്കാമോ? | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>അരുവിക്കര നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 7 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ചെലവഴിച്ച തുക 1,95,230/- രൂപ.<br><br>കൂടാതെ ടി നിയോജക മണ്ഡലത്തിൽ, സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 1,35,000/- രൂപ ചെലവിൽ 3 kW സ്ഥാപിത ശേഷിയിൽ ഒരു പുരപ്പുറ സൗരോർജ്ജ നിലയം സ്ഥാപിച്ചിട്ടുണ്ട്.<br><br>വൈദ്യുതി വിതരണ മേഖല ആധുനികവത്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പ് വരുത്തുന്നതിനുമായി കെഎസ്ഇബിഎൽ പദ്ധതിയായ ദ്യുതി 2.0, കേന്ദ്ര- ആവിഷ്കൃത പദ്ധതിയായ Revamped Distribution Sector Scheme (RDSS), പി.പി.എസ് പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി നടപ്പ സർക്കാർ അധികാരം ഏറ്റതിന് ശേഷം അരുവിക്കര നിയോജക മണ്ഡലത്തിൽ കാട്ടാക്കട സർക്കിളിനു കീഴിൽ വിവിധ സെഷനുകളിലായി വർക്കുകൾ നടന്നുവരുന്നു.<br><br>മേൽ പറഞ്ഞ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പ്രവർത്തികൾക്കായി അനുവദിച്ച തുക നിലവിലെ സ്ഥിതി തുടങ്ങിയവയുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു.<br><br>അരുവിക്കര നിയമസഭാ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതു വരെ പ്രസരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളും ഓരോ പദ്ധതിയ്ക്കുമായി ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.<br><br>1. അരുവിക്കരയിലെ 110kV സബ്സ്റ്റേഷനിലെ കൺട്രോൾ റൂമിന്റെ വിപുലീകരണം - ആകെച്ചിലവ് തുക - 34.5 ലക്ഷം രൂപ – പണി പൂർത്തീകരിച്ചു.<br>2. അരുവിക്കരയിലെ 110kV സബ്സ്റ്റേഷനിൽ 10MVA ട്രാൻസ്ഫോർമർ 12.5MVA ആയി ഉയർത്തൽ - ആകെച്ചിലവു തുക - 158 ലക്ഷം രൂപ – പണിപൂർത്തീകരിച്ചു. |

3. അരുവിക്കരയിലെ 110kV സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമർ നമ്പർ.2-ന്റെ പഴയ C&R പാനലുകൾ മാറ്റി സ്ഥാപിക്കൽ - ആകെച്ചിലവു തുക - 15 ലക്ഷം രൂപ – പണി പൂർത്തീകരിച്ചു.
4. അരുവിക്കരയിലെ 110kV സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമർ നമ്പർ 1 ന്റെ പഴയ C&R പാനലുകൾ മാറ്റി സ്ഥാപിക്കൽ - ആകെച്ചിലവു തുക - 18 ലക്ഷം രൂപ – പണി പൂർത്തീകരിച്ചു.
5. അരുവിക്കര 110 kV സബ്സ്റ്റേഷനിൽ നിലവിലുള്ള പഴയ 11 kV പാനലുകൾ മാറ്റി പുതിയ 10 പാനൽ സെറ്റ് സ്ഥാപിച്ചു - ആകെച്ചിലവു തുക - 81 ലക്ഷം രൂപ – പണി പൂർത്തീകരിച്ചു.
6. വിതുരയിലെ 33kV സബ്സ്റ്റേഷനിൽ പഴയ 11kV പാനലുകൾ മാറ്റി പുതിയ 10 പാനൽ സെറ്റ് സ്ഥാപിക്കൽ - ആകെച്ചിലവു തുക - 72 ലക്ഷം രൂപ – പണി പൂർത്തീകരിച്ചു.
7. നെടുമങ്ങാട് സബ്സ്റ്റേഷനിൽ നിന്നും വിതുര, ചുള്ളിമാനൂർ ആര്യനാട് എന്നീ സബ്സ്റ്റേഷനിലേക്കുള്ള 33 ലൈനുകൾ പദ്ധതിയിൽ ഉൾപ്പെടുത്തി കവേർഡ് ലൈനുകൾ ആക്കിമാറ്റി - ആകെച്ചിലവു തുക – 503.36 ലക്ഷം രൂപ – പണി പൂർത്തീകരിച്ചു.
8. ഇത് കൂടാതെ അരുവിക്കര, ആര്യനാട്, വിതുര സബ്സ്റ്റേഷനുകളിൽ 29.97 ലക്ഷം രൂപയുടെ പദ്ധതികൾ പ്രാവർത്തികമാക്കി.

**<u>അനെർട്ട്</u>**

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അരുവിക്കര നിയോജകമണ്ഡലത്തിൽ അനെർട്ട് വഴി നടപ്പിലാക്കിയ **സൗരോർജ്ജ** പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- സൗരതേജസ് പദ്ധതി (വീടുകളിൽ സബ്സിഡിയോട് കൂടി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) വഴി 2 വീടുകളിൽ 6 കിലോവാട്ട് ആകെ സ്ഥാപിത ശേഷി വരുന്ന **ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു. ഇതിനായി സബ്സിഡി ഇനത്തിൽ** 96,675/- രൂപ ചെലവഴിച്ചു. കൂടാതെ ഹരിത വരുമാന പദ്ധതിയുടെ (സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു നൽകി, അവർക്ക് സൗജന്യ വൈദ്യുതിയും ഒപ്പം ശേഷിക്കുന്ന അധിക വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്കു നൽകുന്നത് വഴി വരുമാനവും ലഭ്യമാക്കുന്ന പദ്ധതി) ഭാഗമായി സംസ്ഥാന സർക്കാർ വിഹിതത്തിൽ 95,725/- രൂപ ചെലവഴിച്ചു.

അരുവിക്കര നിയോജകമണ്ഡലത്തിന്റെ കീഴിലെ വിവിധ സർക്കാർ കെട്ടിടങ്ങളിൽ ആകെ 59 കിലോവാട്ട് സ്ഥാപിത ശേഷി വരുന്ന **ഗ്രിഡ് ബന്ധിത സൗരോർജ്ജ** നിലയങ്ങൾ (3 എണ്ണം**)** സ്ഥാപിച്ചു**.** ഇതിനായി ആകെ 23,74,672/- രൂപ ചെലവഴിച്ചു.

| **ക്രമ. നം.** | **പദ്ധതിയുടെ പേര്** | **ചെലവാക്കിയ തുക** | **ഇനം** |
|---|---|---|---|

| | | | |
|---|---|---|---|
| 1 | വിതുര യു. പി സ്കൂളിൽ സ്ഥാപിച്ച 20 kW ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 8,60,000/- | ഓൺ ഗ്രിഡ |
| 2 | ആട്ടുകൽ ഗവ.യു.പി. സ്കൂളിൽ സ്ഥാപിച്ച 3 kW ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 1,74,672/- | ഓൺ ഗ്രിഡ |
| 3 | അരുവിക്കര വാട്ടർ അതോറിറ്റിയിൽ സ്ഥാപിച്ച 36 kW ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 13,40,000/- | ഓൺ ഗ്രിഡ |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പൂർത്തിയാക്കിയ പ്രവർത്തികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പ്രവൃത്തികളുടെ എണ്ണം | തുക (ലക്ഷത്തിൽ) | പ്രവർത്തികളുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | ദ്യുതി | 58 | 390.08 | 1. എൽ.ടി ലൈൻ റീകണ്ടക്ടറിങ് /നിർമ്മാണം - 24km<br>2. എച്ച്.ടി ലൈൻ റീകണ്ടക്ടറിങ് /നിർമ്മാണം - 3.64 km<br>3. ട്രാൻസ്ഫോർമർ സ്റ്റാൻഡേർഡൈഷൻ - 26 എണ്ണം<br>4. പുതിയ വിതരണട്രാൻസ്ഫോർമർ- 2എണ്ണം,<br>5. ട്രാൻസ്ഫോർമർ സ്ഥാപിതശേഷി വർദ്ധിപ്പിക്കൽ - 4 എണ്ണം<br>6. ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിച്ചത് - 3എണ്ണം<br>7. സ്പേസർ സ്ഥാപിച്ചത് – 44076 എണ്ണം |
| 2 | ആർ.ഡി. എസ്.എസ് | 2 | 947.73 | എച്ച്.ടി. റീകണ്ടക്ടറിംഗ് – 43കി.മീ. |
| 3 | പി പി എസ് | 1 | 0.35 | എൽ.ടി ലൈൻ നിർമ്മാണം – 1 കി.മീ |

## പൂർത്തീകരിക്കാനുള്ള പ്രവർത്തികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പ്രവൃത്തികളുടെ എണ്ണം | തുക (ലക്ഷത്തിൽ) | പ്രവർത്തികളുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | ദ്യുതി | 18 | 316.72 | 1.എൽ.ടി. റീകണ്ടക്ടറിംഗ്/ നിർമ്മാണം – 42 കി.മീ.<br>2. എച്ച്.ടി. റീകൺഡക്ടറിംഗ്/ നിർമ്മാണം –13 കി.മീ.<br>3. എച്ച്.ടി. അണ്ടർഗ്രൗണ്ട് കേബിൾ സ്ഥാപിക്കൽ - 1.2 കി.മീ.<br>4. സ്പേസർ – 4000 എണ്ണം |